"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - രാമനാട്ടുകര സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്സിലെ ലെ എച് എസ് എസ് ടി (ജൂനിയർ) ഫിസിക്സ്, ശ്രീ.പ്രശാന്ത്.വി എസ്, ടി സ്ക്കൂളിലെ എച് എസ് എസ് ടി (ജൂനിയർ) കെമിസ്ട്രി ശ്രീ. വിജിൻ വി. എസ്, മറ്റുള്ള **8** പേർ ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി(സി)നം. **21487/2025** ന്മേലുള്ള **22.08.2025** ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.**2561/2026/GEDN** തീയതി,തിരുവനന്തപുരം, **08-04-2026**

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്സിലെ ലെ എച് എസ് എസ് ടി (ജൂനിയർ) ഫിസിക്സ് ശ്രീ. പ്രശാന്ത്. വി എസ്, ടി സ്ക്കൂളിലെ എച് എസ് എസ് ടി (ജൂനിയർ) കെമിസ്ട്രി ശ്രീ. വിജിൻ വി. എസ് എന്നിവർ സമർപ്പിച്ച **4/9/2025** ലെ അപേക്ഷ.

2. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്സിലെ ലെ എച് എസ് എസ് ടി (ജൂനിയർ) ഫിസിക്സ് ശ്രീ. പ്രശാന്ത്. വി എസ് ഉം, ടി സ്ക്കൂളിലെ എച് എസ് എസ് ടി (ജൂനിയർ) കെമിസ്ട്രി ശ്രീ. വിജിൻ വി. എസ്സും മറ്റുള്ള **8** പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി(സി)നം. **21487/2025** ന്മേലുള്ള **22.08.2025** ലെ വിധിന്യായം.

3. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ **11/12/2025, 22/3/2026** തിയതിയിലെ **RDDHSE/KKD/2021/2025 (A6)**നമ്പർ കത്തുകൾ.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി) **29/12/2025** ലെ **AcdC3/31983/2025/DGE/HSE** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്സിലെ ലെ എച് എസ് എസ് ടി (ജൂനിയർ) ഫിസിക്സ് ശ്രീ.പ്രശാന്ത്.വി എസ് ഉം, ടി സ്ക്കൂളിലെ എച് എസ് എസ് ടി (ജൂനിയർ) കെമിസ്ട്രി ശ്രീ. വിജിൻ വി. എസ്സും മറ്റുള്ള 8 പേരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി(സി)നം. 21487/2025 ന്മേലുള്ള 22.08.2025 ലെ വിധിന്യാത്തിൽ ബഹു.കോടതി ഇപ്രകാരം ഉത്തരവായിരുന്നു

**"...... this writ petition is disposed of, directing the 4th respondent to forward Ext.P4 series of request to the 1st respondent within three weeks from today and on receipt of the representations, the 1st respondent shall consider the same and pass orders after hearing the representative of the petitioners at the earliest, at any rate, within three months from the date of receipt of the representation. The 1st respondent shall keep in mind the Ext.P5 judgment of this Court and Ext.P6 order of the Hon'ble Supreme Court. The petitioners shall produce a copy of Exts.P5 and P6 before the 1st respondent for necessary compliance. "**

ബഹു.ഹൈകോടതിയുടെ മേൽ വിധിന്യായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയ പ്രകാരം 5, 6 ഹർജിക്കാരായ ശ്രീ. പ്രശാന്ത് വി എസ്, ശ്രീ.വിജിൻ.വി എസ് എന്നിവരുടെ പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളേയും 18.12.2025 ൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

(2) Exhibit P4 അപേക്ഷയിലെ സംഗ്രഹവും ഹിയറിംഗ് വേളയിലെ 5, 6 ഹർജിക്കാരായ ശ്രീ.പ്രശാന്ത് വി എസ് ന്റേയും ശ്രീ. ശ്രീ.വിജിൻ.വി എസ് ന്റേയും വാദവും ചുവടെ ചേർക്കുന്നു:-

ഹർജിക്കാർ 03.08.2011-ലെ GO(MS) No.167/11/G.EDN ഉത്തരവ് പ്രകാരം അനുവദിച്ച അധിക ഹയർ സെക്കൻഡറി ബാച്ചിലെ അതതു തസ്തികകളിലേക്ക് നിയമിതരായവരാണ്. തസ്തികകൾ അംഗീകരിച്ചു കിട്ടും എന്ന പ്രതീക്ഷയിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം ആണ് അതാത് മാനേജർമാർ നിയമനം നടത്തിയിട്ടുള്ളത്. 28-06-2012, 20-09-2011, 04-06-2012, 16-08-2012, 29-11-2012, 12-09-2011, 17-09-2012, 04-06-2012 എന്നീ തീയ്യതികളിൽ നിയമനം ലഭിക്കുകയും, Exbt.P2(a), മുതൽ Exbt.P2(j) വരെ റിട്ട് ഹർജി യിൽ സൂചന രണ്ടായി രേഖപ്പെടുത്തിയതും, രേഖകളിൽകാണുന്നവിധം അതതു തീയ്യതികൾ മുതൽ തുടർച്ചയായി സ്ഥിരം അധ്യാപകരായിസേവനം അനുഷ്ഠിച്ചു വരുന്നവരുമാണ്. എന്നാൽ Exbt.P3(a), മുതൽ Exbt.P3(h), എന്നീ രേഖകളിൽ കാണുംവിധം സർക്കാർ അവരുടെ നിയമനം ഏകപക്ഷീയമായി തീരുമാനിക്കുകയാണ് ചെയ്തത്. അതിനെതിരെ ഹർജിക്കാർ എതുകക്ഷികൾ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതാണ്. Exbt.P4(a) മുതൽ Exbt.P4(f) വരെയുള്ള രേഖകൾ. ഇതിന് സമാനമായ കേസുകളിൽ ബഹുഹൈക്കോടതി പുറപ്പെടുവിച്ചതും Exbt.P5 ആയി രേഖപ്പെടുത്തിയതും, ടി ഉത്തരവിനെ ബഹു.സുപ്രീംകോടതി മുമ്പാകെ ചോദ്യംചെയ്തു വെങ്കിലും, Exbt.P6 ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി കൽപ്പിച്ച ഉത്തരവിൽ ഇടപെടുവാൻ മതിയായ കാരണങ്ങൾ ഇല്ലെന്ന് കണ്ട്

ബഹു.സുപ്രീം കോടതി ആയത് തള്ളിക്കളയുകയാണ് ചെയ്തത്. അതിനെ തുടർന്ന് **Exbt.P7** വിധിന്യായവും, **Exbt.P6** ഉത്തരവിനനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ളതാണ്. **Exbt.P5** വിധിന്യായം നടപ്പിലാക്കുകയും, യഥാർത്ഥ നിയമന തീയ്യതിമുതൽ നിയമനം അംഗീകരിക്കപ്പെടുകയും തുടർന്നുള്ള ആനുകൂല്യങ്ങളെല്ലാം **29-05-2025-**ാം തീയ്യതിയിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ജനറൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്, കണ്ണൂർ എന്നിവരുടെ **RDDHSE/KNR/3509/2024-B1** ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. സമാന സ്വഭാവത്തോട്കൂടി **Exbt.P7** ഉത്തരവ് പാലിച്ച് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ജനറൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെൻ്റ്, മലപ്പുറം എന്നിവരുടെ **22-02-2025-**ാം തീയ്യതിയിലെ **RDDHSE/MLPM/75/2025-HD** ഉത്തരവ് പ്രകാരം അതിലെ ഹർജിക്കാർക്ക് നിയമന തീയ്യതി മുതൽ നിയമന അംഗീകാരം നൽകുകയും ആനുകൂല്യങ്ങൾ എല്ലാം അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. അത്പ്രകാരം ഹർജിക്കാർക്കും നിയമന അംഗീകാരം ലഭിക്കുവാനും ആനുകൂല്യങ്ങൾ ലഭിക്കുവാനും നിയമപ്രകാരം അർഹതയുള്ളതും, ആയതിന് ബഹു. കേരളഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി ബോധിപ്പിച്ചിട്ടുള്ളതുമാണ്.

<u>തീയ്യതികൾ കാണിക്കുന്ന പട്ടിക</u>

| തീയതി | രേഖാവിവരം |
|---|---|
| **25.03.2025** | **5,6** ഹർജിക്കാർ **5-**ാം എതൃകക്ഷിക്ക് നൽകിയ നിവേദനത്തിന്റെ ഫോട്ടോ സ്റ്റാറ്റ് കോപ്പി. |
| **6.11.2019** | ബഹു. കേരളഹൈക്കോടതി ഡിവിഷൻ ബെഞ്ച് **WPC No: 9063/2015-**ാം നമ്പർ ഹരജിയിൽ കൽപ്പിച്ച ഉത്തരവിൻ്റെ ഫോട്ടോകോപ്പി. |
| **30.04.2024** | ബഹു.സുപ്രീം കോടതി **SLP No: 18120/2019-**ാം നമ്പർ ഹരജി യിൽ കൽപ്പിച്ച ഉത്തരവിന്റെ ഫോട്ടോകോപ്പി. |
| **24.05.2024** | ബഹു. കേരളഹൈക്കോടതി സിംഗിൾബെഞ്ചി **WPC 26585/2020-**ാം നമ്പർ ഹർജിയിൽ കൽപ്പിച്ച ഉത്തരവിൻ്റെ ഫോട്ടോകോപ്പി. |
| **29.05.2025** | കണ്ണൂർ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് **RDDHSE/KNR/3509/2024-B1** ആയി പുറപ്പെടുവിച്ച ഉത്തരവിൻ്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി. |
| **22.02.2025** | മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് **RDDHSE/MLPM/75/2025** ആയി പുറപ്പെടുവിച്ച ഉത്തരവിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി. |

**CHALLENGING GROUND:**

**Exbt P1** ഉത്തരവ് പ്രകാരം **2011-2012** അദ്ധ്യയന വർഷം മുതൽ ഹർജിക്കാരന്റെ സ്കൂളിൽ കൂടുതൽ ഹയർസെക്കന്ററി ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് ഹർജിക്കാരെ നിയമിക്കുകയും ഏകജാലക

സംവിധാനത്തിലൂടെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും, **2011-2012, 2012-2013** അദ്ധ്യയന വർഷങ്ങളിൽ അതത് വിഷയങ്ങളിൽ ഹയർ സെക്കന്ററി കോഴ്സ് നടത്തിവരികയും ചെയ്തു. ഹർജിക്കാർ അന്നുമുതൽ തുടർച്ചയായി സ്കൂളിൽ എച്ച്എസ്എസ് ടി (ജൂനിയർ)/എച്.എസ്.എസ്ടി എന്ന തസ്തികയിൽ അതാത് ആളുകളുടെ നിയമന തീയ്യതി മുതൽ പ്രവർത്തിച്ച് വരുന്നതും, **Exbt P2** സീരീസിൽ വെളിപ്പെടുന്നതും, നിയമനാധികാരി എന്ന നിലയിൽ മാനേജർ ഉത്തരവ് ഇറക്കിയിട്ടുള്ളതുമാണ്. അതിനാൽ ഇതിലെ ഹരജിക്കാർക്ക്, **Exbt P5, Exbt P6, Exbt P7, Exbt P8, Exbt P9** എന്നീ വിധിന്യായങ്ങളിലും സർക്കുലറുകളിലും പറയും പ്രകാരം **Exbt P2** സീരീസ് നിയമന ഉത്തരവുകൾ പ്രകാരം **Exbt P2** സീരീസിൽ പറയുന്ന തീയ്യതികൾക്ക് നിയമന അംഗീകാരം ലഭിക്കുവാൻ അർഹതയുള്ളതുമാകുന്നു.

നിയമപ്രകാരം നിശ്ചയിച്ച വ്യവസ്ഥകൾ

ഇന്ത്യൻ ഭരണഘടനയുടെ **226** -ാം നമ്പർ അനുഛേദം

ആസ്പദമാക്കുന്ന **case laws**

1. സ്റ്റേറ്റ് ഓഫ് കേരള **Vs** സജി **2009 (3) KLT 766**
2. **WPC No.9063/2015** നമ്പറിലെ വിധി
3. **30-04-2024** -ാംതിയ്യതിയിലെ **SLP 18120/2019** ലെ ഉത്തരവ്.
4. **WPC No.26585/2020** വിധി

**GROUNDS:**

**(A) Exbt P1** ഉത്തരവ് പ്രകാരം **2011-2012** അദ്ധ്യയന വർഷം മുതൽ **5**-ാം എതുകക്ഷിയായ സ്കൂളിൽ അധിക ഹയർസെക്കണ്ടറി ബാച്ചുകൾ അനുവദിച്ചിരുന്നു. എക ജാലകസംവിധാനത്തിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികളെ സ്കൂളിൽ പ്രവേശിപ്പിക്കുകയും, **2011** മുതൽ ഫിസിക്സ്, കെമിസ്ട്രി, എന്നീ വിഷയങ്ങളിൽ മുടക്കംകൂടാതെ പഠനം നടത്തിവന്നിരു ന്നതുമാകുന്നു. ഹർജിക്കാർ അവരുടെ നിയമന തിയ്യതി മുതൽ തന്നെ അതത് സ്കൂളിൽ അതത് വിഷയങ്ങളിൽ **HSST Junior** എന്ന നിലയിൽ തുടർച്ചയായി സേവനം അനുഷ്ഠിച്ച് വരുന്നു. അതിനാൽ **Exbt P1** ബാച്ച് അനുമതി ഉത്തരവിന് അനുസൃതമായി **Exbt 2 series** നിയമനങ്ങൾ പ്രകാരം അവരുടെ യഥാർത്ഥ നിയമന തിയ്യതി മുതൽ നിയമനത്തിന് അനുമതി ലഭിക്കുവാൻ അർഹതയുള്ളവരും ലഭിക്കേണ്ടതും അത്തരത്തിൽ ഉത്തരവാക്കേണ്ടതുമാണ്.

**(B) Exbt P1** സർക്കാർ ഉത്തരവ് പ്രകാരം അഡീഷണൽ ബാച്ച് അനുവദിച്ച് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യത്തിൽ സ്കൂളിൽ മാനേജർ നിയമനം നടത്തിയിട്ടുള്ളത്. അധിക ഹയർസെക്കണ്ടറി ബാച്ച് സർക്കാർ അനുവദിച്ച് കഴിഞ്ഞാൽ **KER** അധ്യായം **32** ചട്ടം **3** പ്രകാരം സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകൾ ഇറക്കേണ്ടതും, അത്തരം അനുവദിച്ച തസ്തികകളിൽ മാനേജർ നിയമിക്കുന്ന ജീവനക്കാരുടെ നിയമനത്തിന് അംഗീകാരവും ശമ്പളവും നൽകേണ്ടത് ഡയറക്ടറുടെ ഉത്തരവാദിത്വവുമാണ്. ഇടക്കാല കാലയളവിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിയമപരമായ ഒരു പ്രവർത്തനവും സർക്കാരിനെ

അധികാരപ്പെടുത്തിയിട്ടില്ല. സർക്കാരിന്റെ അത്തരത്തിലുള്ള ഏതൊരു ഇടപെടലും അധികാരം കൈയടക്കുന്നതിന് തുല്യമാകും. ഇക്കാര്യങ്ങൾ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് **WPC No.9063/2015** ലെ വിധിയിൽ സ്പഷ്ടമാക്കിയിട്ടുണ്ട്.

**(C)** ഏത് വീക്ഷണകോണിലൂടെ നോക്കിയാലും ഹർജിക്കാരുടെ ബന്ധപ്പെട്ട സ്കൂൾ ഒരു സ്വകാര്യ എയ്ഡഡ് ഹയർസെക്കണ്ടറിസ്കൂൾ ആയതിനാൽതന്നെ തസ്തികകൾ സൃഷ്ടിക്കുക എന്നത് തൊഴിലുടമയുടെ സ്വതന്ത്ര അവകാശവും കേരള എജൂക്കേഷൻ ആക്ട് & റൂൾസ് പ്രകാരം സർക്കാരിൽ നിയമപ്രകാരം നിക്ഷിപ്തമല്ലാത്തതുമാകുന്നു. ഹർജിക്കാരുടെ കാര്യത്തിൽ ഡയറക്ടർ **KER Rule 1 B of chapter XXXII** പ്രകാരം ഔദ്യോഗിക പരമായ അനുമതി നൽകി **2011-12** കാലയളവിലേക്ക് ഉത്തരവ് നൽകിയിട്ടുള്ളതും ആയതിനനുസരിച്ച്സ്റ്റാഫ് ഫിക്സേഷൻ നടത്തിയിട്ടുള്ളതും, നാലാം എതൃകക്ഷി പന്നീട് അതിന് **KER Rule 1 B of chapter XXXII** പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. **KER Rule 3 of chapter XXXII** പ്രകാരം **RDD (Regional Deputy Director)** യും, ഡയറക്ടറും ഒരേകാര്യം തന്നെയാണ് **KER Rule 3 of chapter XXXII** പ്രകാരം ചെയ്യുന്നത്. **2011-2012** അധ്യയന വർഷത്തേക്ക് **KER Rule 3 of chapter XXXII** പ്രകാരം ഡയറക്ടറുടെ അധികാരം ഉപയോഗപ്പെടുത്തി നാലാം എതൃകക്ഷി സാക്ഷ്യപെടുത്തിയ സ്റ്റാഫ് ഫിക്സേഷൻ **2011-2012** അധ്യയനവർഷം മുതൽ സാധുത ഉള്ളതായി കണക്കാക്കേണ്ടതാണ്. അതിനാൽ എയ്ഡഡ്ഹയർസെക്കന്ററി **KER Rule 3, Rule 5(2) of chapter XXXII** പ്രകാരം ഡയറക്ടറുടെ അധികാരം പ്രയോഗിക്കുന്ന അധികാരിക്ക് സ്റ്റാഫ് ഫിക്സേഷൻ കാര്യത്തിലും, അംഗീകാരം നൽകുന്ന കാര്യത്തിലും നിയമപരമായ കടമയുണ്ട്. **2011-2012** അധ്യയന വർഷത്തിൽ നിയമിതരായ ഹർജിക്കാർക്ക് ഹർജിക്കാരുടെ ശമ്പള കുടിശ്ശിക അംഗീകരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും നിയമപരമായ ബാധ്യതയുണ്ട്.

**(D)**ബഹുമാനപ്പെട്ട കേരള ഹൈക്കോടതി **18-12-2015** തിയ്യതി **WPC No.19141/2013(P)** നമ്പർ സമാന ഹർജികാര്യത്തിൽ കൽപിച്ച ഉത്തരവിൽ, **Exbt P1** പ്രകാരം അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചിന് അനുമതി നൽകിയതിൽ ഗസ്റ്റ്ലക്ച്ചർ തസ്തിക നിയമനത്തിന് പ്രത്യേകം വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ ഒരു തസ്തിക സൃഷ്ടിക്കുന്നതുവരെ പതിവ് നിയമനം നിയന്ത്രിക്കണമെന്നും തുടർന്നുള്ള സർക്കാർ ഉത്തരവുകൾക്ക് പ്രാബല്യമില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ കേസിൽ **Exbt P1** ഹയർസെക്കണ്ടറി ബാച്ചിന് അനുമതി നൽകിയ ഉത്തരവാണ്. **Exbt P1** ൽ സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്നത് വരെ ഗസ്റ്റ് ലക്ചർമാരായി പുതുതായി നിയമനങ്ങൾ നടത്തുന്നതിനെ കുറിച്ചോ സൃഷ്ടിക്കുന്നതിനെ കുറിച്ചോ പരാമർശിക്കുന്നില്ല. അതിനാൽ ഗസ്റ്റ്ലക്ച്ചർമാരുടെ നിയമനത്തിനായി **Exbt P1** അനുമതി ഉത്തരവിൽ പിന്നെ സർക്കാർ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട് എന്നും ആയതിനാൽ **Exbt P2 series** നിയമനങ്ങൾ നിരസിക്കുന്നു എന്നുമുള്ള നാലാം എതൃകക്ഷിയുടെ വാദങ്ങൾ നിയമവിരുദ്ധവും, ഏകപക്ഷീയവും, നിലനിൽക്കാത്തതുമാകുന്നു.

(E)ഹർജിക്കാരുടെ നിയമനകാര്യത്തിൽ അനുമതി നൽകുന്നതിലും ശമ്പളം അനുവദിച്ച് നൽകുന്നതിലും എതൃകക്ഷികൾ **KER Rule 3 of chapter XXXII** ലെ വ്യവസ്ഥകൾ പരിഗണിക്കാതെയാണ് വീഴ്ച വരുത്തിയിട്ടുള്ളത്. എല്ലാ നിയമനങ്ങളും വിദ്യാഭ്യാസവകുപ്പ് ഡയറക്ടർക്ക് വേണമെങ്കിൽ അംഗീകരിക്കാമെന്നും, ചട്ടം 5 പ്രകാരം എല്ലാ നിയമനങ്ങളും ഡയറക്ടർ ഓഫ് ജനറൽ എജുക്കേഷൻ ഡിപ്പാർട്മെൻ്റ് അംഗീകരിക്കണമെന്നും, എല്ലാ തസ്തികകളിലേക്കുമുള്ള നിയമന അധികാരി മാനേജരായിരിക്കുമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാത **23 -6-2005** ലെ **GO (MS) 192/2005** ലെ ഉത്തരവ് പ്രകാരം, ഔപചാരിക ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെ വിദ്യാഭ്യാസ ഡയറക്ടർ ഉപയോഗിക്കുന്ന അധികാരങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ 3 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് താൽക്കാലികമായി വിനിയോഗിക്കാനും, മേൽപ്പറഞ്ഞ ഉത്തരവുകൾ അനുസരിച്ച് മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലെ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക്സ്റ്റാഫ് ഫിക്സേഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ പൂർണ്ണ അധികാരമുണ്ടെന്നും അതിനാൽ എതൃകക്ഷിയുടെ മേൽപ്പറഞ്ഞ നടപടി ഏകപക്ഷീയവും നിയമവിരുദ്ധവുമാണ് എന്നും അത് കേരളവിദ്യാഭ്യാസ ചട്ടങ്ങൾക്കും മറ്റ് സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

**(F) Exbt P1** സർക്കാർ ഉത്തതരവ്പ്രകാരം സൃഷ്ടിച്ച ഹയർസെക്കണ്ടറി ബാച്ചിലെ ഹർജിക്കാർ ഉൾപ്പെടയുള്ളവർ **HSST (Junior)** തസ്തികയിൽ അതത് വിഷയങ്ങളിൽ **Exbt P2 series** ൽ പറയുന്ന നിയമന തിയ്യതി മുതൽ വീഴ്ച വരുത്താതെ സ്ഥിരമായി പ്രവർത്തി എടുത്ത് വരുന്നതുമാണ്. സർക്കാർ മനപൂർവ്വം നിയമനം നൽകുന്നതിൽ കാലതാമസം വരുത്തുകയും **2013** വരെ ശമ്പളം നൽകുന്നതിൽ അനാസ്ഥ കാണിച്ച് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ **(National pension scheme)** ഉൾക്കൊള്ളിക്കുകയും, **KSR Part 3** പ്രകാരം പഴയ പെൻഷനാനുകൂല്യങ്ങൾ തിരഞ്ഞെടുക്കുവാനുള്ള അവസരം നിഷേധിക്കുകയും ചെയ്തിട്ടുള്ളതാണ്. നിയമന തിയ്യതി മുതൽ തന്നെ **HSST (Junior)** തസ്തികയിൽ **Exbt P2 series** നിയമന ഉത്തരവ്പ്രകാരം നിയമനം ലഭിച്ചവർ തുടർച്ചയായി പ്രവർത്തിച്ചിരുന്നതും ഹയർസെക്കണ്ടറി ബാച്ച് കോഴ്സ് പൂർത്തിയാക്കി ഇറങ്ങിയതുമാണ്. **Exbt P1** സർക്കാർ ഉത്തരവ്പ്രകാരം അനുവദിച്ച്കിട്ടിയ അഡീഷണൽ ഹയർസെക്കണ്ടറി ബാച്ചുകളിലേക്ക് നിയമനാധികാരി മാനേജർ, തസ്തിക ലഭിക്കുമെന്ന് കരുതി മുൻകൂർ ആയി അധ്യാപക തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളതാണ്. അധ്യാപകരില്ലാതെ സ്കൂൾ പ്രവർത്തിക്കാൻ സാധ്യമല്ല എന്നതിനാലും **Exbt P1** അനുമതി ഉത്തരവിൽ ഗസ്റ്റലക്ചർമാരെ നിയമനം സംബന്ധിച്ച് പ്രത്യേക നിബന്ധന ഇല്ലാത്തതിനാലും സ്ഥിരം തസ്തിക ലഭിക്കുന്ന മുറക്ക് അവരെ സ്ഥിരപ്പെടുത്താമെന്നും, നിയമന തിയ്യതിമുതൽ അനുമതി നൽകാമെന്നും പ്രതീക്ഷിച്ച്സ്ഥിരതസ്തികയിലേക്ക് നിയമിക്കുകയുണ്ടായി. എന്നാൽ ഹയർസെക്കണ്ടറി ബാച്ച് അനുവദിച്ച തിയ്യതി

മുതൽ തന്നെ തസ്തികകൾ ഡയറക്ടർ നൽകിയിരുന്നുവെങ്കിലും സർക്കാർ വൈകിയാണ് തസ്തിക അനുവദിച്ചത്. സർക്കാർ ഏകപക്ഷീയമായി 15-7-2013 തിയ്യതി നിശ്ചയിച്ചത് നിയമവിരുദ്ധവും ആയതിനാൽ തന്നെ ഇടപെടൽ ആവശ്യമുള്ളതും ഉത്തരവ് മാറ്റി കിട്ടേണ്ടതും Exbt P1 പ്രകാരം ഹയർസെക്കണ്ടറി അനുവദിച്ച് നൽകിയ തിയ്യതി പ്രകാരം മുൻകാല പ്രാബ്യലത്തോടു കൂടി Exbt P2 series നിയമന ഉത്തരവ് നടത്തണമെന്നും ശമ്പള കുടിശിക ലഭിക്കണമെന്നും, സ്റ്റാറ്റ്യൂട്ടറി പെൻഷൻ കിട്ടണമെന്നും. കോൺട്രിബൂട്ടറി പെൻഷൻ സ്കീമിലേക്ക് അടവാക്കിയ വിഹിതം നൽകണമെന്നും ഹർജിക്കാർവാദം ഉന്നയിക്കുന്നു. 1075/2025 -ാം നമ്പർ കോടതിയലക്ഷ്യകേസ് ബഹു. കേരളഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ; WPC No.193/2015 ലെ ഉത്തരവ്പ്രകാരം ഗസ്റ്റലക്ച്ചർമാരുടെ പ്രവർത്തികാലം 29-5-2025 തിയ്യതിയിലെ RDD HSE / 1806/2025 - R2 PC No.19141/2013(P) നമ്പർ ഉത്തരവ്പ്രകാരം റെഗുലറൈസ് ചെയ്തിട്ടുള്ളതും ആകുന്നു. തത്തുല്യമായ കേസുകളിൽ WPC No.9063/2015 മുതൽ കേസിലെ ബഹു. ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ചിലെ വിധിക്കെതിരെ സർക്കാർ നൽകിയ SLP നം. 18120/2019 ലും അനുബന്ധിച്ചുള്ള കേസുകളിലും 30.04.2014 ലും 15.10.2025 ലും തള്ളികൊണ്ട് ഉത്തരവായിട്ടുള്ളതുമാകുന്നു.

മേൽ പ്രസ്താവിച്ച കാരണങ്ങളാൽ 20-09-2011, 12-09-2011, 04-06-2012, 28-06-2012, 16-08-2012, 17-09-2012, 28-11-2012 എന്നീ തിയ്യതികളിൽ നടന്ന നിയമനങ്ങൾ അവരുടെ യഥാർത്ഥ നിയമന തിയ്യതികളായി ക്രമീകരിച്ച് Exbt P2A മുതൽ Exbt P2J വരെയുള്ള രേഖകളിൽ വെളിപ്പെടുന്നതുമായ തിയ്യതികൾ മുതൽ സ്ഥിരപ്പെടുത്തിയും എല്ലാ ആനുകൂല്യങ്ങളും സർവ്വീസ് സീനിയോരിറ്റിയും, ശമ്പള കുടിശ്ശികയും, സ്റ്റാറ്റ്യൂട്ടറി പെൻഷൻ ആനുകൂല്യ ങ്ങളും പെൻഷൻ പദ്ധതിയിലേക്ക് അടവാക്കിയ വിഹിതം തിരികെ നൽകിയും ഉത്തരവാക്കണമെന്ന് അപേക്ഷയുള്ളതുമാകുന്നു.

(3) മാനേജറുടെ വാദം ചുവടെ ചേർക്കുന്നു.

ശ്രീ.പ്രശാന്ത് വി എസും, ശ്രീ.വിജിൻ വി എസ് ഉം യഥാക്രമം HSST (ജൂനിയർ) ഫിസിക്സ്, HSST (ജൂനിയർ) കെമിസ്ട്രി തസ്തികകളിൽ 28.06.2012 മുതൽ നിയമിതരായി. ഇവരുടെ നിയമനം സ.ഉ(എംഎസ്) 167/2011/പൊവിവ തീയതി 3.08.2011 പ്രകാരം അനുവദിച്ച അധിക ബാച്ചിലായിരുന്നു.

എന്നാൽ അധിക ബാച്ച് അനുവദിച്ച ഉത്തരവിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കണെന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ല. എന്നാൽ മേൽ പറഞ്ഞ അധ്യാപകരുടെ നിയമനം 24.08.2013 മുതൽ മാത്രമാണ് അംഗീകരിച്ചത്. ഈ ഭാവിപ്രാബല്യ (prospective effect) അംഗീകാരം മൂലം, ബാച്ച് അനുവദിച്ച സമയത്ത് നിലവിലുണ്ടായിരുന്ന നിയമപരമായ പെൻഷൻപദ്ധതിയുടെ ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കതെ പോയി.

അതേസമയം സമാനമായ കേസുകളിൽ ബഹു.കോടതി റിട്ട് ഹർജി

അനുവദിക്കുകയും അതിനെതിരായ റിട്ട് അപ്പീൽ ഗുണപരമായ അടിസ്ഥാനത്തിൽ തള്ളിക്കളയുകയും ചെയ്തു. അതിനാൽ, അധ്യാപകർക്ക് അവരുടെ യഥാർത്ഥ നിയമന തീയതി മുതൽ തന്നെ നിയമന അംഗീകാരം ലഭിച്ചു. ഇത്തരത്തിലുള്ള സമാന കേസുകൾ കോഴിക്കോട് ആർ.ഡി.ഡി.ഇ (HSE) ഉം അംഗീകരിച്ചിട്ടുള്ളതാണ്.

അതിനാൽ നീതി ഉറപ്പാക്കുന്നതിനായി ശ്രീ.പ്രശാന്ത് വി എസ് HSST (ജൂനിയർ) ഫിസിക്സ് ഉം, ശ്രീ.വിജിൻ വി എസ്,HSST (ജൂനിയർ) കെമിസ്ട്രി യും 28.06.2012 മുതൽ, അതായത് മാനേജർ നിയമിച്ച യഥാർത്ഥ നിയമന തീയതി മുതൽ, അനുബന്ധ ആനുകൂല്യങ്ങളോടുകൂടി (consequential benefits) മുൻകാല പ്രാബല്യത്തെടെ നിയമനാംഗീകാരം നൽകുന്നതിന് കോഴിക്കോട് ആർ.ഡി.ഡി.(HSE)യെ നിർദ്ദശിക്കണമെന്നും അപേക്ഷകിക്കുന്നു.

(4) വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് :-

20/07/2010 ലെ സ.ഉ (എം എസ്) നം. 128/2010/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം 2010-11 അധ്യയന വർഷത്തിൽ ഗവ/ എയ്ഡ് ഹയർസെക്കണ്ടറി സ്കൂളുകളിലായി 178 ഓളം പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിച്ച് ഉത്തരവായി. കോഴിക്കോട് ജില്ലയിലെ CMM HSS തലക്കുളത്തൂർ, സേവാമന്ദിർ പോസ്റ്റ് ബേസിക് എച്ച് എസ് എസ് രാമനാട്ടുകര, പൊയിൽക്കാവ് എച്ച് എസ് എസ് എടക്കുളം, സെൻറ് മേരീസ് എച്ച് എസ് എസ് കൂടത്തായി എന്നീ സ്കൂളുകളിലും പ്രസ്തുത ഉത്തരവ് പ്രകാരം ബാച്ച് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഹയർ സെക്കൻഡറി കോഴ്സുകൾ അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുവരെ മുടക്കമില്ലാതെ അധ്യയനം നടക്കുന്നതിനാണ് ദിവസ വേതന അധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിട്ടുള്ളത്. അടിയന്തിര ഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അധ്യാപക നിയമനത്തിന് സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് പാലിക്കുന്ന പ്രക്രിയ നിർബന്ധമില്ല എന്ന് 07-08-2010 ലെ GO (MS) 161/2010/പൊ വി വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ പ്രകാരം അനുവദിച്ച സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നത് 23/02/2013 ലെ സ.ഉ (എം എസ്) നം. 76/2013/പൊ.വി.വ പ്രകാരം ആയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രതിപാദിച്ച സ്കൂളുകളിലെ അധ്യാപകർക്ക് താഴെ ചേർത്തതിൻ പ്രകാരം നിയമനാംഗീകാരം നൽകി ഉത്തരവായിട്ടുള്ളതുമാണ്.

അധ്യാപകരുടെ വിവരങ്ങൾ:

**I. CMM HSS Thalakkulathur:**

1. ശ്രീമതി സിതാര എസ് - HSST Jr Commerce - 19/3/2013 തീയതി മുതൽ
2. ശ്രീമതി രാധിക ഇ - HSST Jr ഇംഗ്ലീഷ് - 19/3/2013 തീയതി മുതൽ

**II. Sevamandir HSS Post Basic HSS, Ramanattukara:**

1. ശ്രീ നാരായണൻ പി - HSST Commerce - 12-3-2013 തീയതി മുതൽ

**III. Poyilkavu HSS Edakkulam:**

1. സിഞ്ജിത ആർ എസ് - HSST Jr കൊമേഴ്സ് - 19-9-2013 തീയതി മുതൽ

**IV. St Mary's HSS Koodathayi:**

അലക്സാണ്ടർ കെ സി - HSST Jr ഇംഗ്ലീഷ് - 21-3-2013 തീയതി മുതൽ മാനേജർ നിയമിച്ചു എന്ന് അവകാശപ്പെടുന്ന മുൻകാല തീയ്യതി മുതലുള്ള സർവ്വീസ് റെഗുലർ സർവീസ് ആയി പരിഗണിച്ച് എല്ലാ സർവ്വീസ് നേട്ടങ്ങളും അനുവദിക്കണമെന്നാണ് പരാതിക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. KER അധ്യായം XXXII, ചട്ടം 3 പ്രകാരം എല്ലാ നിയമനങ്ങളും സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മറ്റി വഴി മാത്രമേ നടത്താവൂ എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഒഴിവ് കാണിച്ചുകൊണ്ടുള്ള പത്രപ്പരസ്യവും ആവശ്യമാണ്. തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നത് 23-2-2013 ലെ സ.ഉ (എം എസ്) നം. 76/2013/പൊ.വി.വ പ്രകാരം ആയിരുന്നു. പ്രസ്തുത ഉത്തരവിൽ ടി തസ്തികകൾക്ക് Prospective effect (മുൻകാല പ്രാബല്യമില്ലാതെ) മാത്രമാണുള്ളത് എന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

2011-12, 2012-13 വർഷങ്ങളിലെ തസ്തിക നിർണ്ണയ ഉത്തരവിലും ടി തസ്തികകൾക്ക് 23/2/2013 മുതൽ മാത്രമാണ് പ്രാബല്യം എന്ന് കാണിച്ചിട്ടുണ്ട്. തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതിന് മുൻപ് പ്രസ്തുത തസ്തികകളിലേക്ക് സ്ഥിരനിയമനം നൽകുന്നതാണ് എന്ന് കാണിച്ചുകൊണ്ട് പത്രപ്പരസ്യം നൽകാവുന്നതല്ല. അപ്രകാരം നിയമനം നടത്തുന്ന ഇന്റർവ്യൂ ബോർഡിൽ സർക്കാർ നോമിനി പങ്കെടുക്കാവുന്നതുമല്ല എന്നിരിക്കെ മുൻകാല പ്രാബല്യത്തിൽ നിയമനാംഗീകാരത്തിനായുള്ള വാദം നിലനിൽക്കുന്നില്ല.

KER അധ്യായം XXXII റൂൾ 4 പ്രകാരം തസ്തികമാറ്റം വഴിയുള്ള നിയമനം HSST തസ്തികയിലേക്ക് 1:3 അനുപാതത്തിലും, HSST ജൂനിയർ തസ്തികയിലേക്ക് 25% പ്രകാരവും നിയമനം നടത്തേണ്ടതുണ്ട്. നേരിട്ടുള്ള നിയമനം വഴി ടി അധ്യാപകർക്ക് മുൻകാല പ്രബല്യത്തിൽ നിയമനം നൽകുന്നത് വഴി തസ്തികമാറ്റം വഴിയുള്ള അധ്യാപകരുടെ നിയമനത്തിലെ സീനിയോറിറ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ അട്ടിമറിക്കപ്പെടുകയാണ്. ആയത് KER അധ്യായം XXXII റൂൾ 4 ന് വിരുദ്ധമാണ്. മാനേജർ സെലക്ഷൻ കമ്മിറ്റി പ്രതിനിധിയെ ഉൾപ്പെടുത്തി സ്ഥിരനിയമനം നൽകിയ സമയത്ത് പോലും ടി അധ്യാപകർ മുൻകാല സേവനം അംഗീകരിക്കണം എന്ന ആവശ്യം ഉന്നയിച്ചിരുന്നില്ല.

ടി അധ്യാപകർക്ക് മുൻകാല സേവനം അനുവദിച്ചു നൽകുന്നതിലൂടെ സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നതാണ്. സർക്കാർ ഔദ്യോഗികമായി നിയമനം അംഗീകരിക്കുന്ന തീയതിക്ക് മുൻമ്പ് ശമ്പളം, സർവ്വീസ് ബെനിഫിറ്റ്, പെൻഷൻ എന്നിവക്ക് അവകാശമില്ല. ഹർജിക്കാർക്ക് കഴിഞ്ഞ 12 വർഷത്തിലധികമായി ശമ്പളവും സേവന ആനുകൂല്യങ്ങളും ലഭിക്കുന്നു.

12 വർഷത്തിന് ശേഷമാണ് കോടതിയെ സമീപിച്ചിട്ടുള്ളത്. ഹർജിക്ക് സമാനമായി ശ്രീമതി പ്രീത കെ, ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി സി നം 21365/2025 മേലുള്ള 12-06-2025 ലെ വിധിന്യായ പ്രകാരവും, ശ്രീ സെയ്ദ് അബൂബക്കർ സിദ്ധീഖ് ഫയൽ ചെയ്ത റിട്ട് ഹർജി സി നം 23562/2025 മേലുള്ള 27/06/2025 വിധിന്യായ പ്രകാരവും മുൻകാല സേവനം

അംഗീകരിച്ചുനൽകണം എന്നുള്ള ഹർജിക്കാരുടെ ആവശ്യം നിരസിച്ചുകൊണ്ടാണ് ബഹു. ഹൈക്കോടതി ഉത്തരവായിരിക്കുന്നത്.

റിട്ട് ഹർജി സി നം 21365/2025 ന്മേലുള്ള 12-06-2025 ലെ വിധിന്യായം ഇപ്രകാരമാണ്.

**"now the petitioners have come after 14 long years seeking a writ of mandamus commanding the respondents to grant approval of their appointment w.e.f 24/08/2011, ie, the initial appointment, that too as guest lectures when there were not even substantive posts existing. This kind of writ petition should be thrown out at the first hearing itself, and that is what is being done by this court. The writ petition lacks any merit and substance, and it also suffers from gross delay and laches. Therefore, the present writ petition is here by dismissed without cost".**

ഭരണഘടനയിലെ അനുച്ഛേദം 14, 16 പ്രകാരം സമാനയോഗ്യതയുള്ള എല്ലാ പൗരന്മാർക്കും സർക്കാർ സേവനത്തിൽ നിയമനത്തിനായി പരിഗണിക്കപ്പെടാനുള്ള തുല്യ അവകാശമുണ്ട്. സർക്കാർ ഫണ്ടിൽ നിന്നുള്ള വേതനം ലഭിക്കുന്ന ഏതൊരു പദവിയിലേക്കും നിയമനം സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിക്കുന്ന നീതിപൂർണ്ണവും പരസ്യവുമായ തിരഞ്ഞെടുപ്പ് നടപടിക്രമം പാലിച്ച് നടത്തേണ്ടതാണ്. സുപ്രീംകോടതി സ്റ്റേറ്റ് ഓഫ് കർണ്ണാടക **VS** ഉമാദേവി **(2006) 4 SCC 1** എന്ന കേസിൽ ബാക്ക് ഡോർ നിയമനങ്ങൾ ഭരണഘടനാ വിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതി**(Sreekumar vs State of Kerala 2012 (4) KLT 511)** നിയമനം ഭരണഘടനയിലെ അനുച്ഛേദം **14, 16** നെ ലംഘിക്കുന്നതാണെന്ന് സ്ഥിരമായി വിധിച്ചിട്ടുണ്ട്. അതിനാൽ തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതിനും, തസ്തിക നിർണ്ണയ ഉത്തരവിൽ നൽകിയ നിർദ്ദേശത്തിനും വിരുദ്ധമായി മാനേജർ അധ്യാപകരെ നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവ് മുതൽ നിയമനം ക്രമീകരിച്ച് നൽകുന്നത് ഭരണഘടനാ വിരുദ്ധവും അസാധുവുമാണ്. ഉത്തരവിന് വിരുദ്ധമായി മാനേജർ നിയമനം നൽകിയിട്ടുണ്ട് എങ്കിൽ ആയതിന് പൂർണ്ണ ഉത്തരവാദിത്വം മാനേജർക്ക് മാത്രം ആകേണ്ടതാണ്.

സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നത് ഉൾപ്പെടെയുള്ള ഒരു തരത്തിലുള്ള ആനുകൂല്യങ്ങൾക്കുമുള്ള സാമ്പത്തിക ഭാരം സർക്കാർ വഹിക്കേണ്ടതില്ല. ഹർജിക്കാർക്ക് കഴിഞ്ഞ 12 വർഷത്തിലധികമായി ശമ്പളവും സേവന ആനുകൂല്യങ്ങളും ലഭിക്കുന്നു. 12 വർഷത്തിനുശേഷമാണ് 2025 ൽ കോടതിയെ സമീപിച്ചിരിക്കുന്നത്. അനാവശ്യമായ താമസത്തോടെയും വിശദീകരണമില്ലാതെയുമാണ് ഇത് ചെയ്തിരിക്കുന്നത്. അതിനാൽ ടിയാളുകൾക്ക് നിയമപരമായോ ന്യായമായോ യാതൊരു പരിഗണനയ്ക്കും അവകാശമില്ല.

**(5) Exhibit P4** അപേക്ഷ മേൽ വസ്തുതകളുടേയും ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളുടേയും ഹാജരാക്കപ്പെട്ട രേഖകളുടേയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടേയും ബഹു.സുപ്രീംകോടതിയുടേയും **(Exts.P6)** ബഹു. ഹൈക്കോടതിയുടേയും **( Exts P5)** വിധിന്യയങ്ങൾ, ബന്ധപ്പെട്ട

ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയുടേയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

എസ്.ബി.പി രാമനാട്ടുകര ഹയർസെക്കണ്ടറി സ്കൂളിലെ എച്.എസ്.എസ്.ടി (ഫിസിക്സ്) ജൂനിയർ, ശ്രീ. പ്രശാന്ത് വി.എസ് ഉം, എച്.എസ്.എസ്.ടി (കെമിസ്ട്രി)ജൂനിയർ, ശ്രീ.വിജിൻ വി എസ് ഉം തങ്ങളെ മാനേജർ നിയമിച്ച 28.06.2012 തീയതി മുതലുള്ള ഗസ്റ്റ് പീരിഡ് റഗുലറൈസ് ചെയ്ത് റഗുലർ സർവ്വീസായി പരിഗണിച്ച് എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിച്ച് ഉത്തരവാകണമെന്നാവശ്യപ്പെട്ടാണ് **Exhibit P4** അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ബഹു.കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്ത് വിധിയായിട്ടുള്ളതും.

**03/08/2011** ലെ സ.ഉ (എം എസ്) നം. **167/2011** /പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം **2011-12** അധ്യാന വർഷത്തിൽ ഗവ/എയ്ഡ് ഹയർസെക്കണ്ടറി സ്കൂളുകളിലായി **550** ഓളം അഡീഷണൽ ബാച്ച് അനുവദിച്ച് ഉത്തരവായി. കോഴിക്കോട് ജില്ലയിലെ എസ് ബി പി രാമനാട്ടുകര ഹയർസെക്കണ്ടറി സ്കൂളിലും ബാച്ച് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഹയർ സെക്കൻഡറി കോഴ്സുകൾ അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുവരെ മുടക്കമില്ലാതെ അധ്യായനം നടക്കുന്നതിനാണ് ദിവസ വേതന അധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിട്ടുള്ളത്. അടിയന്തിര ഘട്ടത്തിൽ നടത്തുന്ന ഗസ്റ്റ് അധ്യാപക നിയമനത്തിന് സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് പാലിക്കുന്ന പ്രക്രിയ നിർബന്ധമില്ല എന്ന് പല സർക്കാർ ഉത്തരവിലും വ്യക്തമാക്കിട്ടുള്ളതാണ്.

മേൽ പ്രകാരം **2011-12** അധ്യയന വർഷം മുതൽ ആരംഭിച്ച ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നത് **15/07/2013** ലെ സ.ഉ (എം എസ്) നം. **211/2013**/പൊ.വി.വ പ്രകാരം ആയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ് ബി പി രാമനാട്ടുകര ഹയർസെക്കണ്ടറി സ്കൂളിലെ അധ്യാപകരായ ശ്രീ പ്രശാന്ത് വി എസ്, ശ്രീ വിജിൻ വി എസ് എന്നിവർക്ക് **KER** അധ്യായം **XXXII,** ചട്ടം **3** ന് വിധേയമായി **24-08-2013** മുതൽ സ്കെയിൽ ഓഫ് പേയിൽ ബന്ധപ്പെട്ട സ്കൂൾ മാനേജർ നിയമനം നൽകുകയും, ആയത് കോഴിക്കോട് റീജിയണൽ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്.

ടി രണ്ട് അധ്യാപകരെയും മാനേജർ നിയമിച്ചിരിക്കുന്നത് **28-06-2012** മുതലാണ്. മാനേജർ നിയമിച്ച **28-06-2012** മുതൽ **28-02-2013** വരെയുള്ള കാലയളവിലെ ഗസ്റ്റ് വേതനം അനുവദിച്ചിട്ടുള്ളതുമാണ്. മാനേജർ നിയമിച്ച **28-06-2012** തീയ്യതി മുതലുള്ള ഗസ്റ്റ് പീരീഡ് റെഗുലറൈസ് ചെയ്ത് റെഗുലർ സർവീസ് ആയി പരിഗണിച്ച് എല്ലാ സർവ്വീസ് നേട്ടങ്ങളും അനുവദിക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. **KER** അധ്യായം **XXXII,** ചട്ടം **3** പ്രകാരം എല്ലാ നിയമനങ്ങളും സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മറ്റി വഴി മാത്രമേ നടത്താവു എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. **28-06-2012** മുതൽ ടി അധ്യാപകരെ **KER** അധ്യായം **XXXII** ചട്ടം **3** പ്രകാരം സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മറ്റി വഴി തെരെഞ്ഞെടുത്ത് മാനേജർ നിയമനം നടത്തിയിട്ടില്ല. പ്രസ്തുത ചട്ടത്തിന് വിരുദ്ധമായി ടിയാളുകളുടെ ദിവസ വേതന കാലയളവ് റഗുലർ സർവ്വീസായി പരിഗണിച്ച് എല്ലാ ആനുകൂല്യങ്ങളും നൽകണം എന്നുള്ള വാദം

താഴെ പറയുന്ന കാരണങ്ങളാൽ അംഗീകരിക്കാൻ കഴിയില്ല.

കേസിൽ കക്ഷി ചേർന്ന അധ്യാപകരുടെ ദിവസേതനാടിസ്ഥാനത്തിൽ ജോലി ചെയ്തകാലയളിവിലെ നിയമനം കെ.ഇ.ആർ അധ്യായം XXXI ചട്ടം 3 പ്രകാരം എല്ലാ നിയമനങ്ങളും സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി വഴി മാത്രമെ നടത്താവു എന്നതിന് വിരുദ്ധമായിട്ടാണ് നടന്നിട്ടുള്ളത്. മാനേജർ സെലക്ഷൻ കമ്മിറ്റി പ്രതിനിധിയെ ഉൾപ്പെടുത്തി സ്ഥിരനിയമനം നൽകിയ സമയത്ത് പോലും ടി അധ്യാപകർ മുൻകാല സേവനം അംഗീകരിക്കണം എന്ന ആവശ്യം ഉന്നയിച്ചിരുന്നില്ല. കൂടാതെ ടി കാലയളവിലെ ദിവസവേതനവും അധ്യാപകർ കൈപ്പറ്റിയിട്ടുണ്ട്. ടി അധ്യാപകർക്ക് മുൻകാല സേവനം അനുവദിച്ചുനൽകുന്നതിലൂടെ സർക്കാറിന് വൻ സാമ്പത്തികബാദ്ധ്യതയും ഉണ്ടാകുന്നതാണ്. സർക്കാർ ഔദ്യോഗികമായി നിയമനം അംഗീകരിക്കുന്ന തീയതിക്ക് മുൻപ് ശമ്പളം, സർവ്വീസ് ബെനിഫിറ്റ്, പെൻഷൻ എന്നിവക്ക് അവകാശമില്ല. ഹർജിക്കാർക്ക് കഴിഞ്ഞ 12 വർഷത്തിലധികമായി ശമ്പളവും സേവന ആനുകൂല്യങ്ങളും ലഭിക്കുന്നു. 12 വർഷത്തിന് ശേഷമാണ് കോടതിയെ സമീപിച്ചിട്ടുള്ളത്. ഹർജിക്ക് സമാനമായി ശ്രീമതി പ്രീത കെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി സി നം 21365/2025 മ്മേലുള്ള 12-06-2025 ലെ വിധിന്യായ പ്രകാരവും, ശ്രീ സെയ്ദ് അബൂബക്കർ സിദ്ധീഖ് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി സി നം 23562/2025 മ്മേലുള്ള 27/06/2025 ലെ വിധിന്യായപ്രകാരവും മുൻകാല സേവനം അംഗീകരിച്ചുനൽകണം എന്നുള്ള ഹർജിക്കാരുടെ ആവശ്യം നിരസിച്ചുകൊണ്ടാണ് ബഹു. ഹൈക്കോടതി ഉത്തരവായിരിക്കുന്നത്. റിട്ട് ഹർജി (സി) നം 21365/2025 മ്മേലുള്ള 12-06-2025 ലെ വിധിന്യായം ഇപ്രകാരമാണ്.

**..now the petitioners have come after 14 long years seeking a writ of mandamus commanding the respondents to grant approval of their appointment w.e.f 24/08/2011, ie the initial appointment, that too as guest lectures when there were not even substantive posts existing. This kind of writ petition should be thrown out at the first hearing itself, and that is what is being done by this court. The writ petition lacks any merit and substance, and it also suffers from gross delay and laches. Therefore, the present writ petition is here by dismissed without cost.**

(6) ഭരണഘടനയിലെ അനുച്ഛേദം 14, 16 പ്രകാരം സമാനയോഗ്യതയുള്ള എല്ലാ പൗരന്മാർക്കും സർക്കാർ സേവനത്തിൽ നിയമനത്തിനായി പരിഗണിക്കപ്പെടാനുള്ള തുല്യ അവകാശമുണ്ട്. സർക്കാർ ഫണ്ടിൽ നിന്നുള്ള വേതനം ലഭിക്കുന്ന ഏതൊരു പദവിയിലേക്കും നിയമനം സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിക്കുന്ന നീതിപൂർണ്ണവും പരസ്യവുമായ തിരഞ്ഞെടുപ്പ് നടപടിക്രമം പാലിച്ച് നടത്തേണ്ടതാണ്. സുപ്രീംകോടതി, സ്റ്റേറ്റ് ഓഫ് കർണ്ണാടക vs ഉമാദേവി (2006) 4 SCC 1 എന്ന കേസിൽ ബാക് ഡോർ നിയമനങ്ങൾ ഭരണഘടനാവിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതി (Sreekumar vs State of Kerala 2012 (4)

KLT 511) കേസിലും നടപടിക്രമം മറികടന്ന് നടത്തുന്ന നിയമനം ഭരണഘടനയിലെ അനുച്ഛേദം 14, 16 നെ ലംഘിക്കുന്നതാണെന്ന് സ്ഥിരമായി വിധിച്ചിട്ടുണ്ട്. അതിനാൽ സെലക്ഷൻ കമ്മിറ്റി മുഖേനയല്ലാതെ ദിവസവേതനാടിസ്ഥനത്തിൽ മാനേജർ ടി അധ്യാപകരെനിയമിച്ച കാലയളവ് ക്രമീകരിച്ച് നൽകുന്നത് ഭരണഘടനാ വിരുദ്ധവും അസാധുവുമാണ്. ഹർജിക്കാർക്ക് കഴിഞ്ഞ 12 വർഷത്തിലധികമായി ശമ്പളവും സേവന ആനുകൂല്യങ്ങളും ലഭിക്കുന്നു. 12 വർഷത്തിനുശേഷമാണ് 2025 ൽ കോടതിയെ സമീപിച്ചിരിക്കുന്നത്, അതും അനാവശ്യമായ താമസത്തോടെയും വിശദീകരണമില്ലാതെയുമാണ്. അതിനാൽ ടിയാളുകൾക്ക് നിയമപരമായോ ന്യായമായോ യാതൊരു പരിഗണനയ്ക്കും അവകാശമില്ല **(State of M.P. Nandlal Jaiswal, (1986) 4 SCC 566; State of Maharashtra v. Digambar, (1995) 4 SCC 683).**

03/08/2011 ലെ സ.ഉ (എം എസ്) നം. 167/2011 /പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് ഹയർ സെക്കന്ററിയിലും, ഗവ ഹയർസെക്കണ്ടറി സ്കൂളുകളിലും ബാച്ച് അനുവദിച്ചിട്ടുണ്ട്. ടി കാലയളവിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലും ദിവസവേതന അധ്യാപകർ ജോലി ചെയ്തിട്ടുണ്ട് എന്നിരിക്കെ ദിവസ വേതന കാലയളവ് എയ്ഡഡ് വിഭാഗത്തിൽ സ്കെയിൽ ഓഫ് പേയിൽ അനുവദിക്കുന്ന സാഹചര്യത്തിൽ സർക്കാർ സ്കൂളുകളിലും അനുവദിക്കുന്നതിനുള്ള അവകാശവുമായി കോടതിയെ സമീപിക്കുന്നതിനും മറ്റ് നിയമ പ്രശ്നങ്ങൾക്കും വഴിയൊരുക്കുന്നതാണ്.

(7) SLP (C)No.18120/2019 നമ്പർ കേസുകളിലും അനുബന്ധ കേസുകളിലും ഹർജികളിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക്, SLP(C)18120/2019 ബഹു. സുപ്രീം കോടതി കേസിലും അനുബന്ധ കേസുകളിലെയും വിധിക്കെതിരായി (Ext P6)സർക്കാർ ഫയൽ ചെയ്യുന്ന പുനഃപരിശോധനാ ഹർജിക്ക് വിധേയമായി ഹർജിക്കാരുടെ നിയമനം, അവരവരുടെ നിയമന ഉത്തരവ് തീയതി മുതൽ അംഗീകരിച്ചു നൽകുന്നതിനും നിയമന തീയതി മുതൽ സീനിയോറിറ്റി അനുവദിച്ചു നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിട്ട് ഹർജി (സി) നം.13364/2018, 7049/2020, 26564/2020, 26585/2020, 27408/2020 കളിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പൊതുവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ SLP (C) No. 18120/2019 കേസ്സിലും അനുബന്ധ കേസ്സുകളിലേയും ബഹു. സുപ്രീം കോടതി വിധിയ്ക്കെതിരായി സർക്കാർ ഫയൽ ചെയ്യുന്ന പുന.പരിശോധനാ ഹർജിക്ക് വിധേയമായി റിട്ട് ഹർജി (സി) നം. 26585/2020, 26564/2020 എന്നിവയിലെ ഹർജിക്കാർക്ക് അവരവരുടെ നിയമന ഉത്തരവ് തിയതി മുതൽ സീനിയോറിറ്റി അനുവദിച്ചു നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) ക്ക് നർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(8) എന്നാൽ ഈ വിഷയം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ കേസ്സിന് പോകാത്ത ആർക്കും ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ നിയമനം അംഗീകരിച്ചു നൽകിയിട്ടില്ല. കൂടാതെ ശ്രീ. പ്രശാന്ത് വി എസും മറ്റുള്ളവരും ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി (സി) നം. 21487/2025, ബഹു. സുപ്രീം കോടതിയുടെ SLP(C)No.18120/2019 നമ്പർ കേസുകളിലും അനുബന്ധ കേസുകളിലും ഉൾപ്പെടുകയോ കക്ഷി ചേരുകയോ, (not tagged with) ചെയ്തതായി കാണുന്നില്ല. SLP(C)No. 18120/2019 ബഹു. സുപ്രീം കേസിലും അനുബന്ധ കേസുകളിലും ഉൾപ്പെട്ടിട്ടുള്ള അധ്യാപകർക്ക് മാത്രമാണ് സ.ഉ (സാധാ) നം. 684/2025/പൊവിവ തിയതി 24/1/2025 ഉത്തരവ് പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീ.പ്രശാന്ത് വി എസ് ന്റേയും ശ്രീ.വിജിൻ വി എസ് ന്റേയും Exhibit P4 അപേക്ഷകളിലെ ആവശ്യങ്ങൾ നിരസിച്ചുകൊണ്ട് അപ്രകാരം 22.8.2025 ലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോഴിക്കോട്
മാനേജർ, സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്, രാമനാട്ടുകര പി ഓ, കോഴിക്കോട്-673633
ശ്രീ.പ്രശാന്ത്.വി എസ്, എച് എസ് എസ് ടി (ജൂനിയർ) ഫിസിക്സ്, സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്, രാമനാട്ടുകര പി ഓ, കോഴിക്കോട്-673633
ശ്രീ. വിജിൻ വി. എസ്, എച് എസ് എസ് ടി (ജൂനിയർ) കെമിസ്ട്രി, സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്, രാമനാട്ടുകര പി ഓ, കോഴിക്കോട്-673633
പ്രിൻസിപ്പാൾ, സേവാമന്ദിർ പോസ്റ്റ് ബേസിക് എച് എസ് എസ്, രാമനാട്ടുകര പി ഓ, കോഴിക്കോട്-673633
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by ഉത്തരവിൻ പ്രകാരം
Asha Rani M
Date: 08-04-2026 15:06:53
സെക്ഷൻ ഓഫീസർ